**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3891** **27-10-2021 - ൽ മറുപടിയ്ക്ക്**

**പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ പൂയപ്പള്ളി പി.എച്ച്.സി, പരവൂർ നഗരസഭയിലെ പൊഴിക്കര പി.എച്ച്.സി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | GO(Rt) No.113/2018/H&FWD dated 16.06.2018 എന്ന സർക്കാർ ഉത്തരവ് പ്രകാരം പൂയപ്പള്ളി പഞ്ചായത്തിലെ പൂയപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രവും പരവൂർ നഗരസഭയിൽ പൊഴിക്കര പ്രാഥമികാരോഗ്യ കേന്ദ്രവും ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.ഇതിന്റെ ഭാഗമായി ഒ.പി കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, സൗകര്യപ്രദമായ ഇരിപ്പിടത്തോടുകൂടിയ കാത്തിരിപ്പ് സ്ഥലം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയുമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി GO(Rt)No :171/2019/H&FWD dated 14.11.2019 ഉത്തരവ് പ്രകാരം ടി സ്ഥാപനങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻമാരും ഒന്ന് വീതം സ്റ്റാഫ് നഴ്സുമാരുടെയും പൊഴിക്കര പി.എച്ച്.സി യിൽ മാത്രം ഒരു ലാബ് ടെക്നീഷ്യൻ തസ്തികയും അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ പുതിയ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ബി) | സർക്കാർ ഉത്തരവ് GO(Rt)No:171/2019/H&FWD dated 14.11.2019 പ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി പൂയപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള തസ്തികയ്ക്ക് പുറമെ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും നിയമനം നടത്തിയി ട്ടുള്ളതുമാണ്. പൊഴിക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ